5704
20/3/18

# കേരള സർക്കാർ

<u>സംഗ്രഹം</u> :

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - ചെങ്ങന്നൂർ എം.എൽ.എ. ആയിരുന്ന അഡ്വ. കെ.കെ. രാമചന്ദ്രൻ നായരുടെ ആകസ്മിക നിര്യാണം - സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള വായ്പയുടെ നിലവിലുള്ള കുടിശ്ശികയുടെ തിരിച്ചടവിന് വേണ്ടുന്ന തുകയായ 8,66,697/- രൂപ അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

===========================================

## റവന്യൂ (ഡി.ആർ.എഫ്. -സി) വകുപ്പ്

സ.ഉ. (ആർ.ടി.) നമ്പർ : 976/**2018/റവ.** തിരുവനന്തപുരം, തീയതി, **17.03.2018.**

===========================================

പരാമർശം:- 1. സ.ഉ. (എം.എസ്.) നം. 29/2018/റവ, തീയതി, 28.01.2018.

2. ആലപ്പുഴ ജില്ലാ കളക്ടറുടെ 09.02.2018-ലെ എൻ1-10/2018 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

അന്തരിച്ച ചെങ്ങന്നൂർ എം.എൽ.എ. അഡ്വ. കെ.കെ. രാമചന്ദ്രൻ നായർ (പ്രശാന്ത് ഭവൻ, ആല പി.ഒ., ചെങ്ങന്നൂർ) സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള വായ്പയുടെ നിലവിലുള്ള കുടിശ്ശികയുടെ തിരിച്ചടവിന് വേണ്ടുന്ന തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ചു കൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. ആയതിൻ പ്രകാരം ടിയാൾ സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള വായ്പയുടെ കുടിശ്ശിക തുക ആകെ 8,66,697/- രൂപ (എട്ടു ലക്ഷത്തി അറുപത്താറായിരത്തി അറുനൂറ്റിത്തൊണ്ണൂറ്റേഴ് രൂപ മാത്രം) ആണെന്ന് ആലപ്പുഴ ജില്ലാ കളക്ടർ പരാമർശം (2) പ്രകാരം സർക്കാരിനെ അറിയിച്ചു

3. സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള വായ്പാ കുടിശ്ശികയായ 8,66,697/- രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ആലപ്പുഴ ജില്ലാ കളക്ടർക്ക് അനുവദിച്ച് ഉത്തരവാകുന്നു. വിതരണത്തിനാവശ്യമായിവരുന്ന തുകയായ 8,66,697/- രൂപ (എട്ടു ലക്ഷത്തി അറുപത്താറായിരത്തി അറുനൂറ്റിത്തൊണ്ണൂറ്റേഴ് രൂപ മാത്രം) ***"2075-00-800-40 Contribution to Chief Minister's Distress Relief Fund(NP)"*** എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും തുക ജില്ലാ കളക്ടർക്ക് വിതരണം ചെയ്യേണ്ടതും ജില്ലാ കളക്ടർ വായ്പാകുടിശ്ശികയായ 8,66,697/- രൂപ പ്രസ്തുത സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് അടച്ച് തീർപ്പാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതും സ്വീകരിച്ച നടപടി എത്രയും വേഗം സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബി.എസ്. പാവനകുമാരി,
സ്പെഷ്യൽ സെക്രട്ടറി.

ജില്ലാ കളക്ടർ, ആലപ്പുഴ
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി
(മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
വിവര പൊതുജന സമ്പർക്ക (വെബ് / ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Bindumol K.N
സെക്ഷൻ ഓഫീസർ.